58 / Est / 2017

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെകാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂകോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക്ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം. ഇ11-6400/2017/സിഇ/തസ്വഭവ

തീയതി : 11.05.2017

## സർക്കുലർ

വിഷയം:- തസ്വഭവ (ഇ.ഡബ്ല്യൂ) - തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പിൽ പുതുതായി സൃഷ്ടിച്ച 31 മിനിസ്റ്റീരിയൽ തസ്തികകൾ - സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഡി.പി.സി (ലോവർ) - കോൺഫിഡൻഷ്യൽ റിപ്പോർട്ടും പ്രൊബേഷൻ വിശദാംശങ്ങളും സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- ജി.ഒ(എം.എസ്) നം. 89/2017/തസ്വഭവ തീയതി. 28.04.2017

മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ അനുവദിച്ച ഒരു സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിലേയ്ക്കായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) ഉടനടി കൂടേണ്ടതുണ്ട്. ആയതിലേയ്ക്കായി ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ജൂനിയർ സൂപ്രണ്ടുമാരുടെ അന്തിമ മുൻഗണനാപട്ടികയിൽ ക്രമ നം. 1, 3, 6 യഥാക്രമം ശ്രീ. സുരേഷ് കുമാർ സി.എസ്, ശ്രീ. കൃഷ്ണൻ ചിറമ്മൽ, ശ്രീ. അബൂബക്കർ.എ എന്നിവർ സേവനകാലയളവിൽ നിന്നും വിരമിച്ചതിനാൽ ഇവരെ ഒഴിവാക്കി ടി പട്ടികയിലെ ക്രമ നം. 7, ശ്രീ. ദാസൻ എ.എൻ വരെയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ അവസാന മൂന്ന് വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പും, വകുപ്പുതല അച്ചടക്ക നടപടികളോ, വിജിലൻസ് നടപടികളോ നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും സഹിതം 31.05.2017 നകം തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്.

ചീഫ് എൻജിനീയർ

Sa/-